"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സ്ഥാനക്കയറ്റ /സ്ഥലം മാറ്റ നിയമനങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ. (സാധാ) നം.403/2020/മ.തു.വ. തീയതി, തിരുവനന്തപുരം, 02/07/2020

---

പരാമർശം:- 1) 18/06/2020 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.13/2020/മതുവ.

2) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18/6/2020 ലെ ബി2/28218/2019/സി.ഇ.നമ്പർ കത്ത്.

**ഉത്തരവ്**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരാമർശം 2 ലെ ശുപാർശ പരിഗണിച്ച് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ താഴെ പറയുന്ന സ്ഥാനക്കയറ്റ /സ്ഥലം മാറ്റ നിയമനങ്ങൾ അടിയന്തര പ്രാബല്യത്തോടെ നടപ്പിലാക്കി ഉത്തരവാകുന്നു.

1) ഉത്തരമേഖല കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി ഷീബാ ഫ്രാൻസിസിനെ 68,700- 1,10,400/- രൂപ ശമ്പള സ്കെയിലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ഡിവിഷൻ കാര്യാലയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

2) കണ്ണൂർ അഴീക്കൽ സബ് ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. എ. മുഹമ്മദ് അഷറഫിനെ 68,700- 1,10,400/- രൂപ ശമ്പള സ്കെയിലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ഡിവിഷൻ കാര്യാലയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എം.റ്റി. രാജീവിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

3) ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യലയത്തിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി എം. ജയശ്രീയെ 68,700- 1,10,400/- രൂപ ശമ്പള സ്കെയിലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഭരണ സൗകര്യാർത്ഥം സംസ്ഥാന തീരദേശവികസന കോർപ്പറേഷനിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവനത്തിൽ നിയമിക്കുന്നു.

4) മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി കെ.പി.വൈ ഗായയെ 68,700- 1,10,400/- രൂപ ശമ്പള സ്കെയിലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. ടിയാൾക്ക് ചീഫ് എഞ്ചിനീയറുടെ പേർസണൽ അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല കൂടി നൽകുന്നു.

5) മുനമ്പം സബ് ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. എം.ജെ. ആൻസിയെ 68,700-1,10,400/- രൂപ ശമ്പള സ്കെയിലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ആലപ്പുഴ ഡിവിഷൻ കാര്യാലയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ഇ. ലിൻഡയെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

6) ആലപ്പുഴ ഡിവിഷൻ കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. ഇ. ലിൻഡയെ ടിയാളുടെ അപേക്ഷ പരിഗണിച്ച് കൊല്ലം ഡിവിഷൻ കാര്യാലയത്തിൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ ഭരണ സൗകര്യാർത്ഥം സ്ഥലം മാറ്റി നിയമിക്കുന്നു.

7) കാസർഗോഡ് ഡിവിഷൻ കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. എം.റ്റി. രാജീവിനെ ടിയാന്റെ അപേക്ഷ പരിഗണിച്ച് മലപ്പുറം ഡിവിഷൻ കാര്യാലയത്തിൽ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

8) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പേഴ്സണൽ അസിസ്റ്റന്റായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. എ.ആർ. ജീനാമോളെ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ ആവശ്യം പരിഗണിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഭരണസൗകര്യാർത്ഥം അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷക്കാലത്തേക്ക് നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.റ്റി. ജോയി,
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ